പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 243 **12-10-2026-ൽ മറുപടിയ്ക്ക്**

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; പ്രസ്തുത ഗവേഷണ സ്ഥാപനം പ്രവർത്തനസജ്ജമാക്കുന്നതിന് ഇനി എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുണ്ട്; ആയതിനുള്ള ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ (IRIA) ഒന്നാം ഘട്ട നിർമ്മാണത്തിൽ, KITCO റിപ്പോർട്ട് പ്രകാരം, 80% ഭൗതിക പുരോഗതിയും 65% സാമ്പത്തിക പുരോഗതിയും കൈവരിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി, ജലം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ പൂർത്തിയാക്കി സ്ഥാപനം കൈമാറാത്തതിനാൽ ആശുപത്രിയുടെയും ഔഷധസസ്യ പഠന കേന്ദ്രത്തിന്റെയും പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ, പ്രൊജക്ട് മോണിറ്ററിങ് സെന്ററും പെരിഫെറൽ മാനുസ്ക്രിപ്റ്റ് യൂണിറ്റും IRIA ക്യാമ്പസിലേക്ക് മാറ്റി താളിയോല പഠനകേന്ദ്രത്തിന്റെ പ്രവർത്തനം ഭാഗികമായി തുടങ്ങിയിട്ടുണ്ട്. പാർക്കിംഗ് യാർഡ്, പെയിന്റിംഗ്, ഇലക്ട്രിക്കൽ, എ.സി, ഫയർ ഫൈറ്റിംഗ് തുടങ്ങിയ വിവിധ സിവിൽ, ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ ഇനിയും പൂർത്തിയാകാനുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ മൂലധന ശീർഷകത്തിൽ 90 ലക്ഷം രൂപയും റവന്യൂ ശീർഷകത്തിൽ 1 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ആയുർവേദ ഗവേഷണ കേന്ദ്രത്തിന് ഏതൊക്കെ തസ്തികകളാണ് മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ?

മറുപടി: ആകെ 65 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആയുഷ് -ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം -കണ്ണൂർ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം **(IRIA)** - ആദ്യ ഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന് **65** തസ്തികകൾ സൃഷ്ടിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

ആയുഷ് (എ) വകുപ്പ്

സ.ഉ.(കൈ) നം.**9/2026/AYUSH** തീയതി,തിരുവനന്തപുരം, **22-02-2026**

പരാമർശം:- **1.** ജി.ഒ.(ആർ.ടി) നം.**476/2025/**ആയുഷ് തീയതി **16.09.2025**

2. ജി.ഒ.(എം.എസ്) നം. **2/2026/**ആയുഷ് തീയതി **23.01.2026**

3. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ **16.12.2025** ലെ **G1/1390/2016/DAME** നമ്പർ കത്ത്

ഉത്തരവ്

കണ്ണൂർ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ **(IRIA)** ആദ്യ ഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശിത കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. **IRIA 100 bedded hospital, IRIA Manuscript Centre , IRIA Medicinal Plant Nursery** എന്നിവ ഉൾപ്പെട്ട പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ, **98** തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശയാണ് ഡയറക്ടർ നൽകിയിരുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ **(IRIA)** ആദ്യഘട്ട

പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുബന്ധമായി ചേർത്തിട്ടുള്ള 65 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും പരിപാലനത്തിനുമായി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യതയും ഇലക്ട്രീഷ്യൻ , പ്ലംബർ എന്നീ തസ്തികകൾ ഔട്ട്സോഴ്സ് ചെയ്യുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

ii) ചെലവ് കുറയ്ക്കുന്നതിനും അധിക തസ്തികകൾ ഒഴിവാക്കുന്നതിനുമായി സംസ്ഥാന സർക്കാരിൽ നിന്നോ സമാന നിലയിലുള്ള സ്ഥാപനങ്ങളിൽ നിന്നോ (ഉദാ: അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സെക്ഷൻ ഓഫീസർ, ഫിനാൻസ് ഓഫീസർ മുതലായവ) ഡെപ്യൂട്ടേഷൻ സാധ്യത പരിശോധിക്കേണ്ടതാണ്.

iii) ഈ സ്ഥാപനത്തിന്റെ ആവശ്യകതകൾ പുന:പരിശോധിച്ച് ഔട്ട്സോഴ്സ് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഏതൊക്കെ എന്ന് നിർണ്ണയിക്കുന്നതോടൊപ്പം ടി സ്ഥാപനത്തെ സ്വയംപര്യാപ്തമായി പ്രവർത്തിപ്പിക്കാനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ് .

3. ഈ ഉത്തരവ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ , നാഷണൽ ആയുഷ് മിഷൻ , തിരുവനന്തപുരം
ജില്ലാ കളക്ടർ , കണ്ണൂർ
സബ് കളക്ടർ , തലശ്ശേരി
ഡയറക്ടർ , ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം
ഡയറക്ടർ , IRIA, കണ്ണൂർ

ഡയറക്ടർ , ഭാരതീയ ചികിത്സ വകുപ്പ് , തിരുവനന്തപുരം

പ്രിൻസിപ്പൽ , ഗവ. ആയുർവേദ കോളേജ് (തിരുവനന്തപുരം /തൃപ്പുണിത്തുറ/കണ്ണൂർ)

സ്പെഷ്യൽ ഓഫീസർ (ടെക്നിക്കൽ) , **IRIA**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) , കേരള , തിരുവനന്തപുരം

ധനകാര്യ വകുപ്പ് **(U.O.(F) No.3284447/HLT-B1/166/2025-FIN** തീയതി **11.02.2026** പ്രകാരം)

പൊതുഭരണ (സർവീസസ്- എ/ഇ/ (സ്പെഷ്യൽ -ബി)) വകുപ്പ്

പൊതുഭരണ വകുപ്പ് (എസ്.സി) വകുപ്പ് (ഇനം നം.**3722** പ്രകാരം)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

അനുബന്ധം

1.IRIA Governance Point

Sl.No.	Name of Post	Scale of Pay	No: of posts to be created	Permanent/ Contract
1	Director	1,29,300-1,66,800 (SP 8400)	1	P
2	Finance Officer	63700-1,23,700	1	P
3	Section Officer	51400-1,10,300	2	P
4	Confidential Assistant	27,900-63,700	1	P
5	Assistant Grade II	39,300-83000	3	P
6	Information Assistant /PRO	39,300-83000	1	P
7	Driver cum Multipurpose staff	770/Day	1	C
	Total		**10**	

2.IRIA 100 Bedded Hospital

Sl.No.	Name of Post	Scale of Pay	No: of posts to be created	Permanent/ Contract
1	Medical Superintendent (Senior Consultant)	1,18,100-1,63,400 (SP 16800)	1	P
2	Administrative Officer	63700-1,23,700	1	P
3	Stores Officer	43,400-91,200	1	P
4	Assistant Gr II	39,300-83000	1	P
5	Data entry operator	800/Day	1	C
6	Office attendant	710/Day	1	C
7	Specialist/Scientists	59,300-1,20,900	5	P
8	Casualty Medical Officer	55200-115300	1	P
9	Matron /Nursing Superintendent	50,200-1,05,300	1	P
10	Staff Nurses IPD	27,900-63,700	3	P
11	Nursing Assistant	23700-52600	3	P
12	Therapist	27900-63700	3	P
13	Therapy Assistant	23700-52600	1	P
14	Physiotherapist	45600-95600	1	P
15	Op attendants	23000-50200	2	P
16	Pathologist	59300-120900	1	P
17	Biochemist	51400-110300	1	P

18	X-ray Technician /Radiographer	37400-79000	1	P
19	Lab Technician	35600-75400	1	P
20	Lab Assistant	24,400-55,200	1	P
21	Pharmacist	27900-63700	1	P
22	Dietician	39300-83000	1	P
23	Yoga technician	27900-63700	1	P
24	Cook	710/Day	1	C
25	Asst.Cook	710/Day	1	C
26	Electrician	770/Day	1	C
27	Plumber	770/Day	1	C
28	Office attendant or multipurpose staff	710/Day	1	C
29	Sweeper/Cleaning staff	710/Day	5	C
30	Driver (Multi purpose worker)	770/Day	1	C
31	Chief Security Officer	820/Day	1	C
32	Security Officer	800/Day	2	C
	Total		**48**	

3. **<u>IRIA Medicinal Plant Garden and Nursery</u>**

Sl.No.	Name of Post	Scale of Pay	No: of posts to be created	Permanent/ Contract
1	Gardener (Skilled)	710/Day	1	C
2	Workers	710/Day	6	C
	Total		**7**	
	GRAND TOTAL (1+2+3)		**65**	